വി കെ വിജയലക്ഷ്മി
ശാസ്തമംഗലം

പണിക്കേഴ്സ് ലെയിൻ പി എൽആർഎ 50/2 കിഴുക്കുന്നത്ത് മനയിൽ വി കെ വി ജയലക്ഷ്മി (82, റിട്ട. ഹിന്ദി ഓഫീസർ, റെയിൽവേ) അന്തരിച്ചു. ഭർത്താവ്: പരേതനായ വി കെ രാമകൃഷ്ണൻ (റിട്ട. അധ്യാപകൻ, എൻജിനിയറിങ് കോളേജ്). മക്കൾ: നിർമല (റിട്ട. അധ്യാപിക, ചിന്മയാ വിദ്യാലയ കുന്നുംപുറം), കൃഷ്ണകുമാർ (റിട്ട. സീനിയർ അക്കൗണ്ടന്റ്, എജീസ് ഓഫീസ്, തിരുവനന്തപുരം, കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവ: എംപ്ലോയീസ് ആൻഡ് വർക്കേഴ്സ് മുൻ ജില്ലാ സെക്രട്ടറി), മഞ്ജുള (റിട്ട. അധ്യാപിക, ജിഎച്ച്എസ്എസ്, തൃശൂർ). മരുമക്കൾ: എം വി ഹരിദാസ് പിള്ള, ജീന ജോസ് (മുൻ സഹകരണ ഓംബുഡ്സ്മാൻ), മോഹൻ മേനോൻ.

സുദർശന
മുരുക്കുംപുഴ

ഇടവിളാകം ദർശനയിൽ സുദർശന (65) അന്തരിച്ചു. ഭർത്താവ്: പരേതനായ ശശിധരൻ. മക്കൾ: സരിൻ, സാജൻ, സാജിൻ. മരുമക്കൾ: രമ്യ, ദിവ്യ, ദൃശ്യ. സഞ്ചയനം ഞായർ ഒമ്പതിന്.

കെ ജയപാലൻ
നെടുമങ്ങാട്

ഉഴമലയ്ക്കൽ പരുത്തിക്കുഴി ശശികലാഭവനിൽ കെ ജയപാലൻ (66) അന്തരിച്ചു. ഭാര്യ: ശശികല. മക്കൾ: അഖില, മാലു. മരുമക്കൾ: സനോജ്. രാഹുൽ. സഞ്ചയനം വ്യാഴം 8.30ന്.

ഭാഗീരഥി
ബാലരാമപുരം

പാലച്ചൽകോണം കുടുക്കാത്തുരത്തിവീട്ടിൽ ഭാഗീരഥി (91) അന്തരിച്ചു. ഭർത്താവ്: പരേതനായ ഭാസ്കരൻ. മക്കൾ: പരേതനായ ശശി, ഗണേഷ് ബാബു. മരുമക്കൾ: വത്സല, ഉഷ. സഞ്ചയനം വെള്ളി എട്ടിന്.

പി അശ്വതി
തിരുവനന്തപുരം

കരമന മേലാറന്നൂർ ജിഎൻആർഎ 41 ടിസി. 21/1390ൽ പി അശ്വതി(70) അന്തരിച്ചു. ഭർത്താവ്: കെ പ്രഭാകരൻ. മക്കൾ: അനിൽകുമാർ, ശ്രീജ, സന്ധ്യ, സന്തോഷ്. മരുമക്കൾ: പരേതനായ സുനിൽകുമാർ, സ്റ്റർലിന്റ് കുമാർ, എസ് ലക്ഷ്മി. പ്രാർഥന വ്യാഴം വൈകിട്ട് എട്ടിന്.

ജെ പങ്കജാക്ഷിയമ്മ
കൊല്ലം

കൊട്ടറ മീയണ്ണൂർ കുഴിവിളവീട്ടിൽ ജെ പങ്കജാക്ഷിയമ്മ (93) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11ന് സ്വവസതിയിൽ. ഭർത്താവ്: പരേതനായ രാഘവൻ പിള്ള. മക്കൾ: കുഞ്ഞുണ്ണിപിള്ള, ശാന്തകുമാർ, മണിലാൽ (ഓഫീസ് സെക്രട്ടറി, സിപിഐ എം കഴക്കൂട്ടം ഏരിയ), അനിതകുമാരി. മരുമക്കൾ: വിജയലക്ഷ്മി, സുലമ്മ, സുജാകുമാരി, അജയ ഘോഷ്.

സലിം
പാളയംകുന്ന്

വേങ്കോട് ഷമീർ മൻസിലിൽ സലിം (72) അന്തരിച്ചു. ഭാര്യ: നുസൈഫാബീവി. മക്കൾ: ഷമീർ, ഷമീന. മരുമക്കൾ: നജിയ, സലിം.

സിപിഐ എം കന്യാകുമാരി ജില്ലാ സെക്രട്ടറിയുടെ ഭാര്യ ടി ലളിത
പാറശാല

സിപിഐ എം കന്യാകുമാരി ജില്ലാ സെക്രട്ടറി ആർ ചെല്ലസ്വാമിയുടെ ഭാര്യ കാഞ്ഞാംപുറത്ത് ടി ലളിത (51) അന്തരിച്ചു. ദീർഘനാളായി അസുഖബാധിതയായി ചികിത്സയിലായിരുന്നു. സിപിഐ എം സംസ്ഥാന സെക്രട്ടറിയറ്റ് അംഗം ആനാവൂർ നാഗപ്പൻ, എം എൽഎമാരായ കെ ആൻസലൻ, സി കെ ഹരീന്ദ്രൻ, പാറശാല ഏരിയ സെക്രട്ടറി എസ് അജയകുമാർ, മുൻ എംപി എ വി ബെല്ലാർമിൻ, തമിഴ്നാട് സംസ്ഥാന സെക്രട്ടറിയറ്റ് അംഗങ്ങളായ കനകരാജ്, നൂർമുഹമ്മദ്, അഡ്വ. അനന്ത ശേഖർ, ഉഷ ഭാസി തുടങ്ങി വിവിധ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക പ്രവർത്തകർ അന്തിമോപചാരം അർപ്പിച്ചു. മക്കൾ: ആദിത്യ, അർഷിത്.

ശ്രദ്ധാനന്ദൻ
ചിറയിൻകീഴ്

കടകം കളിയിൽപ്പുരയിൽ ശ്രദ്ധാനന്ദൻ (89, റിട്ട. പൊലീസ് ഡിപ്പാർട്ട്മെന്റ്) അന്തരിച്ചു. സംസ്കാരം ചൊവ്വാഴ്ച രാവിലെ 9.30ന്.ഭാര്യ: പ്രിയദത്ത. മക്കൾ: മിനി, സിനി, സിമി. മരുമക്കൾ: ഷാജിരാജ്, ജയകുമാർ (സെക്രട്ടറിയറ്റ്), ഗോപു സുകുമാർ (എബിസ്റ്റ് ട്രാവൽസ്).

സത്യഭാമ
ബാലരാമപുരം

മന്നോട്ടുകോണം മുര്യതോട്ടം എസ്കെ ഗോപുരത്തിൽ സത്യഭാമ (86) അന്തരിച്ചു. ഭർത്താവ്: പരേതനായ സുകുമാരൻ നായർ. മക്കൾ: പരേതനായ വിജയകുമാർ, രാധാകൃഷ്ണൻ നായർ, സുരേഷ് കുമാർ (പരമേശ്വരൻ), ജയകുമാർ, അനിൽകുമാർ, സതീഷ് കുമാർ, സുജാത (മായ). മരുമക്കൾ: ശോഭന കുമാരി, ശ്രീകല, ഷീജ കുമാരി, ശ്രീധിയ, പ്രേമചന്ദ്രൻ. സഞ്ചയനം ഞായർ 8.30ന്.

തങ്കപ്പൻപിള്ള
വെഞ്ഞാറമൂട്

വലിയകട്ടയ്യൽ രുഗ്മ ഭവനിൽ തങ്കപ്പൻപിള്ള (90) അന്തരിച്ചു. ഭാര്യ: ശാന്തകുമാരി. മക്കൾ: പുഷ്പ, ശോഭ. മരുമക്കൾ: പരമേശ്വരൻ നായർ, രാജീവ്. സഞ്ചയനം ശനി ഒമ്പതിന്.

എസ് വിലാസിനി
കിളിമാനൂർ

പോങ്ങനാട് ആരൂർ അവിഞ്ഞിയിൽവീട്ടിൽ എസ് വിലാസിനി (74) അന്തരിച്ചു. ഭർത്താവ്: കെ കുട്ടൻ. മക്കൾ: ലത (സിപിഐ എം ആരൂർ ബ്രാഞ്ചംഗം), സ്മിത, പരേതയായ ലിസി. മരുമക്കൾ: രാജസേനൻ (സൗദി അറേബ്യ), ജയൻ.

സിപിഐ എം കന്യാകുമാരി ജില്ലാ സെക്രട്ടറിയുടെ ഭാര്യ ടി ലളിത
പാറശാല

സിപിഐ എം കന്യാകുമാരി ജില്ലാ സെക്രട്ടറി ആർ ചെല്ലസ്വാമിയുടെ ഭാര്യ കാഞ്ഞാംപുറത്ത് ടി ലളിത (51) അന്തരിച്ചു. ദീർഘനാളായി അസുഖബാധിതയായി ചികിത്സയിലായിരുന്നു. സിപിഐ എം സംസ്ഥാന സെക്രട്ടറിയറ്റ് അംഗം ആനാവൂർ നാഗപ്പൻ, എം എൽഎമാരായ കെ ആൻസലൻ, സി കെ ഹരീന്ദ്രൻ, പാറശാല ഏരിയ സെക്രട്ടറി എസ് അജയകുമാർ, മുൻ എംപി എ വി ബെല്ലാർമിൻ, തമിഴ്നാട് സംസ്ഥാന സെക്രട്ടറിയറ്റ് അംഗങ്ങളായ കനകരാജ്, നൂർമുഹമ്മദ്, അഡ്വ. അനന്ത ശേഖർ, ഉഷ ഭാസി തുടങ്ങി വിവിധ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക പ്രവർത്തകർ അന്തിമോപചാരം അർപ്പിച്ചു. മക്കൾ: ആദിത്യ, അർഷിത്.

സൈനുലാബ്ദീൻ
കിളിമാനൂർ

കല്ലമ്പലം ഞാറയിൽകോണം കരിമ്പുവിള ഷാജുമൻസിലിൽ സൈനുലാബ്ദീൻ (73, പലചരക്ക് വ്യാപാരം, കരിമ്പുവിള) അന്തരിച്ചു. ഭാര്യ: നുസൈഫാബീവി. മക്കൾ: ബീന, ലീന, സീനത്ത്, ഷാജു. മരുമക്കൾ: മുജീബ്, പരേതനായ നാസർ , മുഹമ്മദ് കബീർ.

വാദ്യകലാകാരൻ ഭാസ്കരക്കുറുപ്പ്
ചോറ്റാനിക്കര

വാദ്യകലാപ്രതിഭ മുളങ്കുന്നത്തുകാവ് ഐക്കര മാരാത്ത് ഭാസ്കരക്കുറുപ്പ് (86) അന്തരിച്ചു. വാദ്യകലാ അക്കാദമിയുടെ വാദ്യകലാ ചക്രവർത്തി, മേളകലാനിധി തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. തൃശൂർ തിരുവമ്പാടി ക്ഷേത്രത്തിലെ മഠത്തിൽവരവ് പാണ്ടിമേള പ്രമാണിയായിരുന്നു. സംസ്കാരം നടത്തി. ഭാര്യ: പരേതയായ സുഭദ്രാമ്മ. മക്കൾ: ശ്രീകുമാർ, ഉഷാദേവി. മരുമക്കൾ: ഓമന, വേണു.

മറിയം
കോതമംഗലം

പട്ടേരിപറമ്പിൽ മറിയം (93) അന്തരിച്ചു. തൊടുപുഴ ഇടവെട്ടി പുളിയമ്മാക്കൽ കുടുംബാംഗമാണ്. സംസ്കാരം ചൊവ്വ പകൽ 2.30ന് കോതമംഗലം സെന്റ് ജോർജ് കത്തീഡ്രൽ സെമിത്തേരിയിൽ. ഭർത്താവ്: പരേതനായ ജോൺ. മക്കൾ: ത്രേസ്യാമ്മ, അച്ചാമ്മ, വൽസ, ടെസി, ജിജി മോൻ. മരുമക്കൾ: അഡ്വ. പോൾ മുണ്ടയ്ക്കൽ കോതമംഗലം (കേരള കോൺഗ്രസ് എം സംസ്ഥാന കമ്മിറ്റി അംഗം), ജയിംസ് (ഓസ്ട്രേലിയ), മായ, പരേതരായ എം എസ് ശശി, ബേബി.

കെ സുഭാഷ് വിജയഭാനു
ബംഗളൂരു

കൊല്ലം മുണ്ടയ്ക്കൽ (ഈസ്റ്റ്) വിൻസ് കോച്ചപ്പള്ളിയിൽ വിജയഭാനുവിന്റെയും നാരായണിക്കുട്ടിയുടെയും മകൻ കെ സുഭാഷ് വിജയഭാനു (40) ബംഗളൂരുവിൽ അന്തരിച്ചു. സംസ്കാരം എറണാകുളം ഐരാപുരം കുന്നക്കുരുടിയിൽ നടത്തി. മരണാന്തരച്ചടങ്ങ് ചൊവ്വാഴ്ച നടക്കും. ഭാര്യ: എ താരിണി. മകൾ: നിഹിൻസ. സഹോദരൻ: വിപിൻ വിജയഭാനു.

സെമീർ

വാഹനാപകടത്തിൽ യുവാവ് മരിച്ചു

കിളിമാനൂർ

നിയന്ത്രണംവിട്ട സ്കൂട്ടി റോഡുവക്കിൽ ഉപേക്ഷിച്ച വാഹനത്തിലിടിച്ച് പരിക്കേറ്റ് ചികിത്സയിലായിരുന്ന യുവാവ് മരിച്ചു. കല്ലമ്പലം പുതുശേരിമുക്ക് കരവായിക്കോണം ചിറട്ടകുന്ന് നമസ്കാര പള്ളിക്കു സമീപം എസ്എസ് മൻസിലിൽ സെമീറാ (42)ണ് മരിച്ചത്.

ഞായർ വൈകിട്ട് 6.30ന് കിളിമാനൂരിൽനിന്ന് വീട്ടിലേക്ക് പോകുമ്പോൾ പോങ്ങനാട് കെവി ക്ലിനിക്കിനു സമീപമായിരുന്നു അപകടം. ഇവിടെ ഉപേക്ഷിച്ചനിലയിൽ റോഡുവക്കിൽ ഇട്ടിരുന്ന വാഹനത്തിൽ നിയന്ത്രണംവിട്ട സ്കൂട്ടി ഇടിക്കുകയായിരുന്നു. അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിലിരിക്കെ തിങ്കളാഴ്ച രാവിലെയാണ് സെമീർ മരിച്ചത്. ഭാര്യ: ഷെഹനാ ബീഗം. മക്കൾ: അഫ്രീന, ഇഷാൽ. പാരലൽ കോളേജ് അധ്യാപകനാണ് മരിച്ച സെമീർ.

ലീല

വൃദ്ധ വീട്ടിൽ മരിച്ചനിലയിൽ

കോവളം

വൃദ്ധ മാതാവിനെ മാതൃദിനത്തിൽ വീടിനുള്ളിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ചനിലയിൽ കണ്ടെത്തി. നെല്ലിമൂട് അവണാകുഴി പെരിങ്ങോട്ടുകോണം വരിക്കപ്ലാവിള പുത്തൻവീട്ടിൽ പരേതനായ സോമന്റെ ഭാര്യ പത്മിനി എന്ന് വിളിക്കുന്ന ലീല (65) യെയാണ് മരിച്ചനിലയിൽ കണ്ടെത്തിയത്. സംശയത്തിന്റെ അടിസ്ഥാനത്തിൽ മകൻ ബിജുവിനെ കാഞ്ഞിരംകുളം പൊലീസ് അറസ്റ്റുചെയ്തു.

വീടിന്റെ അകത്തളത്തിൽ വിവസ്ത്രയായി കാണപ്പെട്ട മാതാവിന്റെ ദേഹത്ത് കാര്യമായ മുറിവുകൾ ഒന്നും പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല.

അമ്മ ലീലയും മൂത്ത മകൻ ബിജുവും മാത്രമാണ് വീട്ടിൽ താമസിച്ചുവന്നിരുന്നത്. അയൽവാസിയായ സ്ത്രീയെ ഉപദ്രവിക്കാൻ ശ്രമിച്ച കേസിൽ ജയിലിൽ ആയിരുന്ന ബിജു കഴിഞ്ഞ 12 നാണ് ജാമ്യത്തിൽ ഇറങ്ങിയത്. അമ്മയാണ് മകനെ ജാമ്യത്തിൽ ഇറക്കിയത്. അതിനെ ചൊല്ലി വീട്ടിൽ ബഹളം നടന്നിരുന്നതായി പ്രദേശവാസികൾ പറയുന്നു. ബിജു മദ്യപിച്ച് ബഹളമുണ്ടാക്കുന്നത് പതിവാണ്. ഞായർ വൈകിട്ട് സുഹൃത്തിനെ ഫോണിൽ വിളിച്ചാണ് അമ്മ വീടിനുള്ളിൽ മരിച്ച് കിടക്കുന്നതായി ബിജു പറഞ്ഞത്. സുഹൃത്ത് വിവരം നാട്ടുകാരെയും കാഞ്ഞിരംകുളം പൊലീസിനെയും അറിയിക്കുകയായിരുന്നു.

പോസ്റ്റ്മോർട്ടത്തിനുശേഷം തിങ്കളാഴ്ച വൈകിട്ട് അഞ്ചോടെ മൃതദേഹം വിട്ടുവളപ്പിൽ സംസ്കരിച്ചു. ബിജുവിനെ കൂടാതെ ബിനു, അനി എന്നീ രണ്ട് മക്കൾ കൂടെ ലീലയ്ക്കുണ്ട്.

വി എസ് ഷിബു

യുവാവിനെ പാറമടയിലെ വെള്ളക്കെട്ടിൽ മരിച്ചനിലയിൽ കണ്ടെത്തി

നേമം

മൂക്കുന്നിമലയിലെ ഒഴിഞ്ഞ പാറമടയിലെ വെള്ളക്കെട്ടിൽ യുവാവിനെ മരിച്ചനിലയിൽ കണ്ടെത്തി. മുള്ളൂൽ അയ്യംപുറത്ത് വീട്ടിൽ വി എസ് ഷിബു (40) വിനെയാണ് മരിച്ചനിലയിൽ കണ്ടെത്തിയത്. നാല് ദിവസമായി ഷിബുവിനെ കാണാനില്ലായിരുന്നു. ഞായറാഴ്ച വൈകിട്ടോടെ പാറമടയ്ക്ക് സമീപത്തെ കുട്ടികളാണ് വെള്ളക്കെട്ടിൽ മൃതദേഹം കണ്ട് നാട്ടുകാരെ വിവരമറിയിച്ചത്. ഫയർഫോഴ്സ് എത്തിയാണ് മൃതദേഹം പുറത്തെടുത്തത്. മൃതദേഹത്തിന് രണ്ട് ദിവസത്തെ പഴക്കമുള്ളതായി പൊലീസ് പറഞ്ഞു. അസ്വാഭാവിക മരണത്തിന് കേസെടുത്ത നരുവാമൂട് പൊലീസ് അന്വേഷണം ആരംഭിച്ചു. തിങ്കളാഴ്ച മൃതദേഹം പോസ്റ്റുമോർട്ടം നടപടികൾ പൂർത്തിയാക്കി ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. വീട്ടുവളപ്പിൽ സംസ്കരിച്ചു. ഭാര്യ: മീര, മക്കൾ: ഐശ്വര്യ, അഞ്ജന.

അശോകൻ

ചികിത്സയിലിരുന്നയാൾ മരിച്ചു

തിരുവനന്തപുരം

മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരുന്നയാൾ മരിച്ചു. 61 വയസ്സ് പ്രായം തോന്നിക്കുന്ന അശോകൻ ആണ് മരിച്ചത്. മറ്റ് വിവരങ്ങൾ ലഭ്യമല്ല. മൃതദേഹം മെഡി. കോളേജ് ആശുപത്രി മോർച്ചറിയിൽ. ഇദ്ദേഹത്തെക്കുറിച്ച് എന്തെങ്കിലും വിവരങ്ങൾ ലഭിക്കുന്നവർ തമ്പാനൂർ പൊലീസ് സ്റ്റേഷനിൽ അറിയിക്കണം. ഫോൺ: 9497980046.

പനമരത്ത് കാറും ലോറിയും കൂട്ടിയിടിച്ച് രണ്ടുപേർ മരിച്ചു

അഫ്രീദ്

എൻ കെ മുനവിർ

കൽപ്പറ്റ

വയനാട് പനമരം പച്ചിലക്കാട് കാറും ടോറസ് ലോറിയും കൂട്ടിയിടിച്ച് കണ്ണൂർ മാട്ടൂൽ സ്വദേശികളായ രണ്ടുപേർ മരിച്ചു. മാട്ടൂൽ സെൻട്രൽ യാസീൻ റോഡ് സ്ട്രീറ്റ് നമ്പർ 23ൽ മുഹയുദ്ദീൻ പള്ളിക്കുസമീപം ഗ്രാൻഡ് ഹൗസിൽ പള്ളീക്കാന്റവിട പുതിയപുരയിൽ അഫ്രീദ് (28), മാട്ടൂൽ സെൻട്രൽ സ്ട്രീറ്റ് നമ്പർ 20ൽ ഫാറൂഖ് പള്ളിക്കുസമീപം താമസിക്കുന്ന ഇലക്ട്രീഷ്യൻ എൻ കെ മുനവിർ (25) എന്നിവരാണ് മരിച്ചത്. തളിപ്പറമ്പ് മന്ന ന്യൂ ഗ്രാൻഡ് എർത്ത് വർക്സ് മാനേജിങ് പാർട്ണറാണ് അഫ്രീദ്. മാട്ടൂൽ നോർത്ത് സിദ്ദിഖാബാദ് കടപ്പുറം ചാൽ റോഡിൽ ചാലിൽ സ്രാമ്പിക്ക് സമീപത്തെ പി സി പി മുനവിറിന് (24) ഗുരുതരമായി പരിക്കേറ്റു. ഇയാളെ കണ്ണൂർ ചാലയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

തിങ്കൾ രാവിലെ 10.30 ഓടെയായിരുന്നു അപകടം. മാനന്തവാടിയിൽനിന്ന് കൽപ്പറ്റ ഭാഗത്തേക്ക് പോവുകയായിരുന്ന യുവാക്കൾ സഞ്ചരിച്ച ഇന്നോവ കാർ എതിർദിശയിൽ വന്ന ടോറസിൽ ഇടിക്കുകയായിരുന്നു. പൊലീസും നാട്ടുകാരും ചേർന്ന് കാർ വെട്ടിപ്പൊളിച്ചാണ് മുൻസീറ്റിൽ കുടുങ്ങിയ രണ്ടുപേരെ പുറത്തെടുത്തത്. കൽപ്പറ്റ ജനറൽ ആശുപത്രിയിൽ ഇൻക്വസ്റ്റ് നടപടി പൂർത്തിയാക്കി മൃതദേഹങ്ങൾ ബന്ധുക്കൾക്ക് വിട്ടുനൽകി. ഞായർ രാത്രി 12നാണ് യുവാക്കൾ വിനോദയാത്രയ്ക്കായി മാട്ടൂലിൽനിന്ന് വയനാട്ടിലേക്ക് തിരിച്ചത്.

തളിപ്പറമ്പ് മന്ന ന്യൂ ഗ്രാൻഡ് ഉടമ പുന്നക്കൽ ഹാരിസിന്റെയും മാട്ടൂൽ സെൻട്രലിലെ പി വി ഹബീബയുടെയും മകനാണ് അഫ്രീദ്. ഭാര്യ അഫ്രീന (കാസർകോട്.) സഹോദരങ്ങൾ: ആദിൽ (വിദ്യാർഥി, തളിപ്പറമ്പ് സർ സയിദ് കോളേജ്), അദീം (പ്ലസ്വൺ വിദ്യാർഥി, മാട്ടൂൽ സി എച്ച് മുഹമ്മദ്കോയ സ്മാരക ഗവ. ഹയർ സെക്കൻഡറി സ്കൂൾ). തെക്കുമ്പാട് സ്വദേശി അബ്ദുൽകരീമിന്റെയും എൻ കെ ശുഹൈബയുടെയും മകനാണ് എൻ കെ മുനവിർ. സഹോദരി: ഖദീജ (പ്ലസ്വൺ വിദ്യാർഥിനി, മാട്ടൂൽ സിഎച്ച്എംകെ എസ്ജിഎച്ച്എസ്എസ്).

പാചകം ചെയ്യുന്നതിലെ തർക്കം: തലയ്ക്കടിയേറ്റ അതിഥിത്തൊഴിലാളി മരിച്ചു

കോട്ടയം

ഭക്ഷണം പാചകം ചെയ്യുന്നതിനെച്ചൊല്ലിയുണ്ടായ തർക്കത്തെ തുടർന്ന് ഒപ്പം താമസിച്ചയാളുടെ അടിയേറ്റ് തലയ്ക്ക് പരിക്കേറ്റ അതിഥിത്തൊഴിലാളി മരിച്ചു. പൂവൻതുരുത്തിലെ സ്വകാര്യ ഫാക്ടറി ജീവനക്കാരൻ അസം സ്വദേശി സഞ്ജൻ (29) ആണ് മരിച്ചത്. രണ്ടാഴ്ച മുമ്പാണ് തലക്കടിയേറ്റ് സഞ്ജനെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ചത്. രണ്ട് തവണ ശസ്ത്രക്രിയ നടത്തിയെങ്കിലും ഞായർ വൈകിട്ട് അബോധാവസ്ഥയിലേക്ക് മരിച്ചു. ഇരുവരും ഒരു മുറിയിലായിരുന്നു താമസം. സംഭവ ദിവസം ഭക്ഷണം പാചകം ചെയ്യുന്നതിനെച്ചൊല്ലി ഇരുവരും തമ്മിൽ തർക്കമുണ്ടായി. തുടർന്ന് കിടക്കാൻ മുറിയിലേക്ക് പോയ സഞ്ജനെ സുഹൃത്ത് പിന്നാലെയെത്തി തലക്കടിച്ച് വീഴ്ത്തി. പരിക്കേറ്റ സഞ്ജനെ ഇവിടെ ഉണ്ടായിരുന്ന ജീവനക്കാരും മറ്റ് കമ്പനികളിലെ ജീവനക്കാരും ചേർന്ന് ആശുപത്രിയിലെത്തിച്ചു. മൃതദേഹം കോട്ടയം മെഡിക്കൽ കോളജ് ആശുപത്രി മോർച്ചറിയിൽ. പോസ്റ്റ്മോർട്ടത്തിനു ശേഷം നാട്ടിലേക്ക് കയറ്റി അയയ്ക്കും. പ്രതിയെ കോട്ടയം ഈസ്റ്റ് പൊലീസ് കസ്റ്റഡിയിലെടുത്തു. ഇയാൾ റിമാൻഡിലാണ്.

സംസ്കാരം ഇന്ന് പകൽ 11ന്

ജോബി ജോർജിന് യാത്രാമൊഴിയേകാൻ നാട്

കോട്ടയം

ഏത് ആവശ്യത്തിനും ആശ്രയമായ പ്രിയപ്പെട്ട ജോബി സാറിന് യാത്രാമൊഴിയേകാൻ നാട്. ഔദ്യോഗിക കൃത്യനിർവഹണത്തിനിടെ മരിച്ച രാമപുരം എസ്ഐ ജോബി ജോർജിനെ അവസാനമായി കാണാൻ നൂറുകണക്കിന് പേരാണ് എത്തിയത്. ജോലിയിൽ ഉൾപ്പെടെ അദ്ദേഹം കാണിച്ച അച്ചടക്കവും ദീർഘവീക്ഷണവും സഹപ്രവർത്തകർ ഓർത്തെടുത്തു. കൂടെനിന്ന കാലത്തെ നിമിഷങ്ങൾ അവർ വേദനയോടെ പങ്കുവച്ചു. ഭാര്യയും മകളുമടങ്ങുന്ന കുടുംബത്തിന്റെ തീരാവേദനയ്ക്കൊപ്പം നാട്ടുകാരും കണ്ണീരണിഞ്ഞു. മന്ത്രിമാരായ വി എൻ വാസവൻ പൊൻകുന്നത്തെ വീട്ടിലും റോഷി അഗസ്റ്റിൻ രാമപുരം പൊലീസ് സ്റ്റേഷനിലും എത്തി അന്തിമോപചാരമർപ്പിച്ചു.

പോസ്റ്റുമോർട്ടത്തിന് ശേഷം പകൽ 12ന് പൊലീസ് ക്ലബ്ബിൽ എത്തിച്ച മൃതദേഹം പൊതുദർശനത്തിന് വച്ചു. സിപിഐ എം സംസ്ഥാന കമ്മിറ്റിയംഗം അഡ്വ. കെ അനിൽകുമാർ, ജില്ലാ പൊലീസ് മേധാവി കെ കാർത്തിക്, വിജിലൻസ് ഈസ്റ്റേൺ റേഞ്ച് കോട്ടയം പൊലീസ് സൂപ്രണ്ട് വി ജി വിനോദ് കുമാർ, ക്രൈംബ്രാഞ്ച് പൊലീസ് മേധാവി ജോൺകുട്ടി എന്നിവർ അന്ത്യോപചാരമർപ്പിച്ചു. സർക്കാരിന് വേണ്ടി മന്ത്രി റോഷി അഗസ്റ്റിൻ റീത്ത് സമർപ്പിച്ചു.

തിങ്കൾ വൈകിട്ട് നാലോടെ പൊൻകുന്നം ഇരുപതാംമൈൽ വാഴേപ്പറമ്പിൽ കുടുംബവീട്ടിലെത്തിച്ചു. അമ്മ അന്നക്കുട്ടിയുടെയും ഭാര്യ ബിന്ദുവിന്റെയും ഏക മകൾ അൽഫോൻസയുടെയും നൊമ്പരങ്ങൾക്ക് നടുവിലേക്കാണ് ജോബിയുടെ ചേതനയറ്റ ശരീരം എത്തിച്ചത്. ജോബിയുടെ ജ്യേഷ്ഠൻ ജില്ലാ പൊലീസ് മേധാവിയുടെ ഓഫീസിലെ സീനിയർ ക്ലർക്ക് ജോർട്ടി ജോർജും അനുജൻ ജോളി ജോർജും സങ്കടമടക്കി ഒപ്പമുണ്ടായിരുന്നു. മന്ത്രി വി എൻ വാസവനും സിപിഐ എം ജില്ലാ സെക്രട്ടറി എ വി റസലും വീട്ടിലെത്തി അന്തിമോപചാരമർപ്പിച്ചു. ജോളി ജോർജ് താമസിക്കുന്ന കുടുംബ വീട്ടിലാണ് മൃതദേഹം എത്തിച്ചത്. ചൊവ്വ പകൽ 11ന് പൊൻകുന്നം തിരുക്കുടുംബ ഫൊറോന പള്ളി സെമിത്തേരിയിൽ ഔദ്യോഗിക ബഹുമതികളോടെ സംസ്കാരം നടത്തും.